പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാചോദ്യം നം.4756

22/03/2018 ൽ മറുപടിക്ക്

## പല്ലാരിമംഗലം ഖാദി സൗഭാഗ്യക്ക് പുതിയ കെട്ടിടം

ചോദ്യം

ശ്രീ.ആർ.രാജേഷ്

ഉത്തരം

ശ്രീ.എ.സി.മൊയ്തീൻ

(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | മാവേലിക്കര പല്ലാരിമംഗലം ഖാദി സൗഭാഗ്യക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് പൊതുമരാമത്ത് (കെട്ടിട വിഭാഗം) വകുപ്പ് എസ്റ്റിമേറ്റ് തയ്യാറാക്കി നൽകിയത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തി വ്യവസായ വകുപ്പിന്റെ പദ്ധതികളിലുൾപ്പെടുത്തി ഭരണാനുമതി നൽകി തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | (ബി) | പൊതുമരാമത്ത് വകുപ്പ് സമർപ്പിച്ചിട്ടുള്ള പുതിയ പ്രൊപ്പോസൽ പരിശോധിച്ച് ഭരണാനുമതി നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്. |
| (സി) | പ്രസ്തുത കെട്ടിടനിർമ്മാണം എം. എൽ. എ. ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി വ്യവസായ (കെ) വകുപ്പ് ഭരണാനുമതി നൽകിയിരുന്നെങ്കിലും പ്രവൃത്തി നടപ്പിലാക്കാൻ കഴിയാത്ത തിന്റെ കാരണം വിശദമാക്കാമോ; | (സി) | മാവേലിക്കര പല്ലാരിമംഗലം ഖാദി സൗഭാഗ്യയ്ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് സ.ഉ.(സാധാ) നം.1226/14/വ്യവ തീയതി 01/11/2014 പ്രകാരം 25 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ പ്രസ്തുത തുക റിലീസ് ചെയ്യുന്നതിന് അനുമതി നൽകിയ 4851-106-72 എന്ന ശീർഷകത്തിൽ ആവശ്യമായ തുക ലഭ്യമല്ലാതിരുന്നതിനാൽ പ്രസ്തുത വർഷം പദ്ധതി നടപ്പാക്കാൻ സാധിക്കാതെ വന്നു. പിന്നീട് പുതിയ പ്രൊപ്പോസൽ സമർപ്പിക്കുവാൻ വ്യവസായ വാണിജ്യ ഡയറക്ടർക്ക് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ 50 ലക്ഷം രൂപയുടെ പുതിയ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത പ്രവൃത്തി 2018 - 19 സാമ്പത്തിക വർഷം തുക അനുവദിച്ച് നിർമ്മാണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ? | (ഡി) | പല്ലാരിമംഗലം ഖാദി സൗഭാഗ്യയ്ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി തയ്യാറാക്കിയിട്ടുള്ള പുതിയ പ്രൊപ്പോസൽ പരിശോധിച്ച് 2018-19 സാമ്പത്തിക വർഷം തന്നെ അംഗീകാരം നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ